പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 3936 **21.06.2018 -ൽ മറുപടിയ്ക്ക്**

മലബാർ ടൂറിസം ക്രൂയിസ്

ചോദ്യം
ശ്രീ.എം. രാജഗോപാലൻ :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ബി)	കാസർഗോഡ് ജില്ലയിലെ ആയിറ്റിയിലും ഇടയിലക്കാട്ടും ടൂറിസം വകുപ്പ് പണിത ഹൗസ് ബോട്ട് ടെർമിനലും ഫെസിലിറ്റേഷൻ സെന്ററും നിസ്സാരമായ വാടകയ്ക്ക് ബി.ആർ.ഡി.സി.ക്ക് നൽകിയ നടപടി പുനഃപരിശോധിക്കുമോ; മലബാർ ടൂറിസം ക്രൂയിസിന്റെ കേന്ദ്രബിന്ദുവായ ഇവിടെ കവ്വായി കായലിലെ ജലയാത്രയ്ക്ക് ഏറ്റവും സൗകര്യപ്രദമായ ഈ ടെർമിനൽ ഹോട്ടൽ ആക്കി മാറ്റാതെ നിരവധി ബോട്ടുകൾക്ക് ലാന്റ് ചെയ്യാവുന്ന തരത്തിൽ വിഭാവനം ചെയ്യുമോ;	എ) & ബി) &സി)	കാസർഗോഡ് ജില്ലയിൽ ആയിറ്റിയിലുള്ള ടെർമിനൽ നടത്തിപ്പിനായി 2009-ൽ ബി.ആർ ഡി.സി ക്ക് കൈമാറിയിതാണ്. ഇടയിലക്കാട്ടുള്ള അമിനിറ്റി സെന്റർ ബി.ആർ.ഡി.സി സ്ഥലം വാങ്ങി സ്വന്തമായി പണികഴിപ്പിച്ചതാണ്. തുടക്കത്തിൽ ഈ സെന്ററുകൾ കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിച്ചിരുന്നില്ല. 01.12.2015 മുതൽ 5 വർഷത്തേക്ക് നടത്തിപ്പിനായി മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ച് പാട്ടക്കരാർ വ്യവസ്ഥയിൽ വലിയപറമ്പ കായൽ ടൂറിസം വികസന സമിതിക്ക് നൽകിയിരിക്കുകയാണ്. ഇപ്പോൾ പ്രവർത്തനക്ഷമമാണ്.ആയിറ്റി ടെർമിനലിൽ ഭക്ഷണശാല , പാർട്ടി ഹാൾ, ടോയലറ്റ് മുതലായവ പ്രവർത്തിക്കുന്നു.ഹൗസ്ബോട്ടുകൾ അടുപ്പിക്കുന്നതിന് ആവശ്യമായ ആഴം ഇല്ലാത്തതിനാലാണ് ഇവയോടൊപ്പം ഹൗസ്ബോട്ടുകൾക്കുള്ള ടെർമിനൽ കൂടി പ്രവർത്തിക്കാൻ സാധിക്കാത്തത്.
സി)	തുച്ഛമായ വാടകയ്ക്ക് ബി.ആർ.ഡി.സി. യുടെ അധീനതയിലുള്ളതും ടൂറിസം വകുപ്പ് ഏൽപിച്ചതുമായ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്ന പ്രവണത അവസാനിപ്പിച്ച് ഏറെ സൗകര്യങ്ങൾ ഉള്ള ഇവിടെ ഹൗസ് ബോട്ട് ടെർമിനൽ ഉൾപ്പെടെ വകുപ്പ് അധീനതയിൽത്തന്നെ നടത്താൻ നടപടികൾ ഉണ്ടാകുമോ?		

സെക്ഷൻ ഓഫീസർ